പ്രതികരണം

ഇ.എൻ ഇബ്റാഹീം ചെറുവാടി

# മാസപ്പിറവിയും സമുദായൈക്യവും

**അബ്ദുർറഹ്മാൻ** കൊടിയത്തൂർ എഴുതിയ 'മാസപ്പിറവിയും മുസ്‌ലിം ഐക്യവും' എന്ന കുറിപ്പാണ് (ലക്കം 18) ഇങ്ങനെ ഒന്നെഴുതാൻ പ്രേരകം. കുറിപ്പ് തുടങ്ങുന്നത് ഇങ്ങനെ:

"വിശുദ്ധ ഖുർആൻ മൂസാ(അ)യുടെ ചരിത്രത്തിലെ ഒരു സംഭവം വിവരിക്കുന്നു. അദ്ദേഹം ത്വൂരിസീനയിലേക്ക് പോയ ഇടവേളയിൽ തന്റെ പ്രതിനിധിയായി സഹോദരൻ ഹാറൂനി(അ)നെ നിയോഗിച്ചു..... അല്ലാഹുവിന്റെയടുത്ത് കൊടിയ പാപമാണ് ശിർക്ക്. ഇസ്രയേല്യർ ആ പാപം ചെയ്യുന്നത് കണ്ടിട്ടും അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കാതെ മൂസായുടെ തിരിച്ചുവരവ് കാത്തിരുന്ന ഹാറൂന്റെ നടപടി മൂസാനബി അംഗീകരിക്കുകയായിരുന്നു. ഇക്കാര്യം ഉദ്ധരിച്ച ഖുർആനും ആ നടപടിയെ വിമർശിച്ചില്ല."

മൂസാ-ഹാറൂൻമാരുമായി ബന്ധപ്പെട്ട പ്രസ്തുത സംഭവം എത്ര ലാഘവത്തോടെയാണ് നമ്മുടെ ചിലയാളുകൾ ഉദ്ധരിച്ചുകളയുന്നത്! ഖുർആൻ അത്ര ലാഘവമായാണോ ഈ സംഭവം കൈയാളിയത്? നോക്കാം.

മൂസാ ത്വൂർ പർവതത്തിലേക്ക് പോവുമ്പോൾ പറഞ്ഞ കാര്യം ഖുർആൻ ഉദ്ധരിക്കുന്നു:

"മൂസാ തന്റെ സഹോദരൻ ഹാറൂനോട് പറഞ്ഞു: എന്റെ ജനത്തിൽ നീ എന്നെ പ്രതിനിധീകരിക്കണം. സംസ്കരണം നടത്തണം. നാശകാരികളുടെ വഴി പിന്തുടരരുത്." (7:142).

മൂസാ പോയ തക്കത്തിന് സാമിരി (കുറിപ്പുകാരൻ പറയുംപോലെ സാമിരിയുടെ ഉപജാപത്തിൽ കുടുങ്ങിയ ഒരു വിഭാഗമല്ല) ഒരു കാളക്കിടാവിന്റെ രൂപമുണ്ടാക്കി. അയാൾ അല്ല, ഇസ്രയേല്യർ ഒന്നടങ്കം പറഞ്ഞു:

"ഇതാണ് നിങ്ങളുടെ ഇലാഹ്. നിങ്ങളുടെ മാത്രമല്ല, മൂസായുടെ കൂടി ഇലാഹ് ഇതാണ്. മൂസാക്ക് മറവി സംഭവിച്ചതാണ്" (20:88)

ഇതെല്ലാം കണ്ടും കേട്ടും സഹിക്കെട്ടിട്ടും ഹാറൂൻ അവരെ എങ്ങും തൊടാതെ ഉപദേശിച്ചു എന്നാണോ പറയുന്നത്? തീർച്ചയായും അല്ല. മൂസാ ഏൽപിച്ച ദൗത്യം അദ്ദേഹം ഭംഗിയായി നിർവഹിച്ചു. ഖുർആൻ തന്നെ പറയുന്നു:

"മുമ്പുതന്നെ ഹാറൂൻ അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു: എന്റെ ജനമേ, ഇതു വഴി നിങ്ങൾ പരീക്ഷണത്തിലകപ്പെട്ടിരിക്കുകയാണ്. നിങ്ങളുടെ നാഥൻ കരുണാമയനാണ്. അതിനാൽ എന്നെ പിന്തുടരുവിൻ. എന്റെ നിർദേശം അനുസരിക്കുവിൻ" (20:90).

ഒരു സാദാസീതാ ഉപദേശം നടത്തുകയായിരുന്നില്ല ഇവിടെ ഹാറൂൻ. വളരെ ശക്തിയായിതന്നെയാണ് ഹാറൂൻ പ്രതികരിച്ചത്. ഈ മാർഗച്യുതിയിൽനിന്ന് ഇസ്രയേല്യരെ പിന്തിരിപ്പിക്കാൻ അദ്ദേഹം പെടാപാട് പെട്ടു. ഈ എതിർപ്പിന്റെ ശക്തി കാരണമായാണ് അവർ അദ്ദേഹത്തിനെതിരെ തിരിഞ്ഞത്. അവർ അദ്ദേഹത്തെ കൊല്ലാൻ ശ്രമിക്കുക വരെ ചെയ്തു. അദ്ദേഹം തന്നെ പറയുന്നതു കാണുക:

"ഉമ്മയുടെ മോനേ, ഈ ജനം എന്നെ ഒതുക്കിക്കളഞ്ഞു. അവർ എന്നെ കൊല്ലുമെന്നായി. അതിനാൽ എന്നെ നോക്കി സന്തോഷിക്കാൻ ശത്രുക്കൾക്ക് അവസരം നൽകരുത്. ഈ ധിക്കാരി ജനത്തോടൊപ്പം എന്നെ എണ്ണുകയും ചെയ്യരുത്" (7:150).

ഒതുക്കുക, കൊന്നുകളയുക, ശത്രുവിന് സന്തോഷിക്കാൻ സാഹചര്യമൊരുക്കുക എന്നല്ലാം ഹാറൂൻ പറയണമെങ്കിൽ അദ്ദേഹം കാര്യമായ എന്തോ ചിലത് ചെയ്തിട്ടുണ്ടെന്ന് തീർച്ച. എങ്കിൽ പിന്നെ കുറിപ്പുകാരനടക്കം ലാഘവപൂർവം ഉദ്ധരിക്കുന്ന(20:94) ആ ഖുർആനിക സൂക്തത്തിന്റെ അർഥമെന്തായിരിക്കാം?

മൗലാനാ മൗദൂദി പ്രസ്തുത സൂക്തത്തിന് എഴുതിയ വ്യാഖ്യാനം കാണുക:

"ഹസ്രത്ത് ഹാറൂന്റെ ഈ മറുപടിക്ക് സമുദായത്തിന്റെ ഐക്യമാണ് സമുദായം സന്മാർഗത്തിൽ നിലകൊള്ളുന്നതിനെക്കാൾ പ്രധാനം എന്നോ ശിർക്ക് അംഗീകരിച്ചുകൊണ്ടായാലും ഐക്യം നിലനിർത്തുകയാണ് വേണ്ടതെന്നോ സമൂഹത്തിന്റെ അടിത്തറ സത്യമാകട്ടെ അസത്യമാകട്ടെ ഏകോപിച്ചുനിൽക്കുക എന്നതാണ് ഭിന്നിപ്പിനെക്കാൾ ഉൽകൃഷ്ടം എന്നോ ഒന്നും അർഥമില്ല. ഈ സൂക്തത്തിന് ആരെങ്കിലും അങ്ങനെയൊരർഥം മനസ്സിലാക്കുകയാണെങ്കിൽ അയാൾ ഖുർആനിൽനിന്ന് സന്മാർഗത്തിനു പകരം ദുർമാർഗമാണ് സ്വീകരിക്കുന്നത്. ഹസ്രത്ത് ഹാറൂന്റെ ഭാഷണത്തിന്റെ താൽപര്യം പൂർണമായി ഗ്രഹിക്കുന്നതിന് ഈ സൂക്തങ്ങളെ സൂറ *അൽ അഅ്റാഫി*ലെ 150-ാം സൂക്തത്തോട് ചേർത്ത് വായിക്കേണ്ടതുണ്ട്......

ഇനി ഈ രണ്ട് സൂക്തങ്ങളും സമന്വയിപ്പിച്ചു നോക്കുക. സംഭവത്തിന്റെ ചിത്രം ഇപ്രകാരം വ്യക്തമാകുന്നു: ഹസ്രത്ത് ഹാറൂൻ ജനങ്ങളെ ആ ദുർവൃത്തിയിൽനിന്ന് വിലക്കാൻ കഴിവതു ശ്രമിച്ചു. പക്ഷേ, അവരദ്ദേഹത്തിന്നെതിരിൽ കലാപത്തിനൊരുങ്ങി. അദ്ദേഹത്തെ വധിക്കാനൊരുമ്പെട്ടു. ഗത്യന്തരമില്ലാതെ അദ്ദേഹം നിശ്ശബ്ദനായി നിലകൊണ്ടു. മൂസാ തിരിച്ചെത്തുന്നതിനു മുമ്പ് താവളം ഒരു യുദ്ധക്കളമാക്കേണ്ടെന്ന് അദ്ദേഹം തീരുമാനിച്ചു. മൂസാ തിരിച്ചുവന്ന് താങ്കൾക്ക് ഈ സാഹചര്യം കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ സ്ഥിതിഗതികൾ ഇത്രത്തോളം വഷളാക്കേണ്ടിയിരുന്നില്ല എന്നും ഞാൻ വരുന്നതുവരെ കാത്തിരിക്കാമായിരുന്നുവെന്നും പറയാൻ അവസരമുണ്ടാക്കേണ്ടെന്ന് അദ്ദേഹം കരുതിയിരിക്കണം. സൂറ *അൽ അഅ്റാഫി*ലെ സൂക്തത്തിന്റെ അവസാന വാക്യത്തിൽനിന്ന് ആ സമൂഹത്തിൽ ഈ

രണ്ട് സഹോദരന്മാർക്ക് ശത്രുക്കളായി നല്ലൊരു വിഭാഗമുണ്ടായിരുന്നതായി വ്യക്തമാവുന്നുമുണ്ട്"(*തഫ്ഹീമുൽ ഖുർആൻ* വാള്യം 3: 114,115).

"ഇസ്രയേല്യർ ആ കൊടിയ പാപം ചെയ്യുന്നത് കണ്ടിട്ടും അവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കാതെ, മൂസായുടെ തിരിച്ചുവരവ് കാത്തിരുന്ന ഹാറൂന്റെ നടപടി മൂസാനബി അംഗീകരിക്കുകയായിരുന്നു. ഇക്കാര്യം ഉദ്ധരിച്ച ഖുർആനും ആ നടപടിയെ വിമർശിച്ചില്ല" എന്ന് പറയുന്നുണ്ട് കുറിപ്പുകാരൻ.

ഒരബദ്ധ പ്രസ്താവനയാണിത്. കാരണം, ഹാറൂന്റെ നിസ്സഹായത മൂസാക്ക് നന്നായറിയാം. അതുകൊണ്ടുതന്നെ അദ്ദേഹത്തെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിൽ ഒരർഥവുമില്ല. സർവരാലും ഒതുക്കപ്പെട്ട് കഴിയുന്ന ഒരാൾക്ക് ഒറ്റക്കെട്ടായി നിൽക്കുന്ന ഒരു സംഘത്തിനെതിരിൽ എന്ത് ചെയ്യാനാവും? യഥാർഥത്തിൽ ചെയ്യേണ്ടത് എന്തായിരുന്നുവോ അത് തുടർന്ന് മൂസാ ചെയ്യുന്നുമുണ്ട്. വാചാ വിമർശിക്കുന്നതിലല്ല കാര്യം. ചെയ്യേണ്ടത് ചെയ്തുകാണിക്കുന്നതിലാണ്. മാത്രവുമല്ല അവിടെ കാത്തിരിക്കാൻ ഒരു മൂസായുണ്ടായിരുന്നു. ഇവിടെ അങ്ങനെ ഒരു മൂസായില്ല.

ഇനി മാസപ്പിറവിയുടെ കാര്യമെടുക്കാം. സമുദായൈക്യത്തിന്റേതാണല്ലോ പ്രശ്നം. സമുദായൈക്യം വേണമെന്ന കാര്യത്തിൽ രണ്ട് പക്ഷമില്ല. എന്നാൽ എന്താണ് ഈ ഐക്യത്തിന്റെ വിവക്ഷ? സമുദായം എന്നതിന്റെ വിവക്ഷ എന്താണ്? മുസ്ലിം സമുദായം കേരളത്തിൽ പരിമിതമല്ലല്ലോ. ഒരു ലോക സമൂഹമാണത്. ആ സമൂഹത്തിന്റെ ലോകാടിസ്ഥാനത്തിലുള്ള ഐക്യമാണ് വേണ്ടത്. ഒരു സമുദായം യാതൊരു തത്ത്വദീക്ഷയും ന്യായീകരണവുമില്ലാതെ ഒരേ ആഘോഷം ഒരേ തീയതിയുടെ പേരിൽ രണ്ടും മൂന്നും ദിവസമാക്കി പ്രാദേശിക വാദത്തിന്റെ പിൻബലത്തിൽ കൊണ്ടാടുന്നതിന്റെ ഔചിത്യം ഒന്നാലോചിച്ചു നോക്കുക. എന്തുമാത്രം വിചിത്രമാണീ രീതി. മിനുട്ടുകളുടെ വ്യത്യാസം പരിഗണിച്ചാണല്ലോ തിരുവനന്തപുരത്തുകാരും കോഴിക്കോട്ടുകാരും രണ്ട് ദിവസത്തേക്ക് സംഗതി പ്രഖ്യാപിച്ചുകളയുന്നത്! മക്കയിൽ പെരുന്നാൾ ഞായറാഴ്ച! കേരളത്തിൽ തിങ്കളാഴ്ച! ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും പാകിസ്താനിലുമൊക്കെ ചൊവ്വാഴ്ച!

ജനങ്ങൾ പെരുന്നാൾ ആഘോഷിക്കുമ്പോൾ പെരുന്നാളാഘോഷിക്കാനും അവർ നോമ്പനുഷ്ഠിക്കുമ്പോൾ നോമ്പനുഷ്ഠിക്കാനും കേരളത്തിലെ മുസ്ലിംകളോട്/കേരളത്തിലെ സംഘടനകളോട് മാത്രമായി പറഞ്ഞതാണോ? നോമ്പും പെരുന്നാളുമൊക്കെ സംഘടനാവൽക്കരിക്കേണ്ട കാര്യങ്ങളാണോ?

ഉദയസ്ഥാന വ്യത്യാസം പരിഗണിക്കണമെന്നാണ് ന്യായം. കേട്ടാൽ തോന്നും ഇത് ഇസ്ലാമിക സമൂഹത്തിന്റെ സാർവാംഗീകൃത തത്ത്വമാണെന്ന്. മറിച്ചും കാഴ്ചപ്പാടുണ്ടെന്നുള്ള കാര്യം മിണ്ടുകയേ ഇല്ല. ഉദയാസ്തമയ വ്യത്യാസം പോലും പലേടത്തും സ്ഥായിയായ പ്രതിഭാസമല്ല. ചിലപ്പോഴെങ്കിലും അത് മാറിക്കൊണ്ടിരിക്കും. അതുകൊണ്ടാണല്ലോ മക്കയിലും കേരളത്തിലും ചിലപ്പോൾ ഒന്നിച്ചും മറ്റു ചിലപ്പോൾ ഭിന്നിച്ചും നോമ്പും പെരുന്നാളുമൊക്കെ കൊണ്ടാടുന്നത്. ■